**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.379**

**03.03.2020 - ലെ മറുപടിക്ക്**

**മണലൂർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

| ചോദ്യം<br>**ശ്രീ. മുരളി പെരുനെല്ലി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;<br>ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | **2016-17** വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ അനുബന്ധം **1** ലും ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധം **2** ലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-2017 വർഷത്തെ ടെൻഡർ സേവിംഗ്സ് എത്രയാണെന്ന് അറിയിക്കാമോ? | **2016-17** വർഷത്തിൽ **4** പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ

| Sl.No. | Name of Work |
|---|---|
| 1 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം |
| 2 | വെങ്കിടങ്ങ് പഞ്ചായത്തിലെ ചീരോത്ത് പടി കണ്ണോത്ത് റോഡ് 1/094 മുതൽ 1/394 കിമീ വരെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും റോഡ് നിർമ്മിക്കുന്നതിനും |
| 3 | അരിമ്പൂർ പഞ്ചായത്തിലെ പരമൻ പാടം റോഡ് , ഡ്രെയിനേജ് നിർമ്മാണം |
| 4 | എളവള്ളി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കുറ്റി റോഡ് നിർമ്മാണം |
| 5 | വെങ്കിടങ്ങ് പഞ്ചായത്തിലെ വെങ്കിടങ്ങ് പൊണ്ണമുത ഈസ്റ്റ് ബണ്ട് റോഡ് നിർമ്മാണം |
| 6 | മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 7 | മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മാണം |
| 8 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മാണം |
| 9 | ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ എരനെല്ലൂർ ഫാത്തിമമാത പള്ളി റോഡ് നിർമ്മാണം |
| 10 | മണലൂർ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡിന്റെ സൈഡ് വാൾ നിർമ്മാണം |
| 11 | എളവള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ലെ കർഷക റോഡ് നിർമ്മാണം |
| 12 | പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെണ്മേനാട് - ചുക്കു ബസാർ റോഡ് , ഡ്രെയിനേജ് നിർമ്മാണം |
| 13 | വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് -കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം |

[signature]

അനുബന്ധം - 2

## 2016-17 വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

| Sl.No. | Name of Work |
|---|---|
| 1 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം |
| 2 | വെങ്കിടങ്ങ് പഞ്ചായത്തിലെ ചീരോത്ത് പടി കണ്ണോത്ത് റോഡ് 1/094 മുതൽ 1/394 കിമീ വരെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും റോഡ് നിർമ്മിക്കുന്നതിനും |
| 3 | അരിമ്പൂർ പഞ്ചായത്തിലെ പരമൻ പാടം റോഡ് , ഡ്രെയിനേജ് നിർമ്മാണം |
| 4 | എളവള്ളി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കുറ്റി റോഡ് നിർമ്മാണം |
| 5 | വെങ്കിടങ്ങ് പഞ്ചായത്തിലെ വെങ്കിടങ്ങ് പൊണ്ണമുത ഈസ്റ്റ് ബണ്ട് റോഡ് നിർമ്മാണം |
| 6 | മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 7 | മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മാണം |
| 8 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മാണം |
| 9 | ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ എരനെല്ലൂർ ഫാത്തിമമാത പള്ളി റോഡ് നിർമ്മാണം |
| 10 | മണലൂർ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡിന്റെ സൈഡ് വാൾ നിർമ്മാണം |
| 11 | എളവള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ലെ കർഷക റോഡ് നിർമ്മാണം |
| 12 | പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെണ്മേനാട് - ചുക്കു ബസാർ റോഡ് , ഡ്രെയിനേജ് നിർമ്മാണം |